**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സമയക്രമവും നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

================================================================================

**തദ്ദേശ സ്വയം ഭരണ (എ.സി) വകുപ്പ്**

സ.ഉ.(സാധാ)നം.1413/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 22-5-2018

---

പരാമർശം:- 1) 12/4/2018 ൽ ചേർന്ന വികേന്ദ്രീയാസൂത്രണത്തിനുള്ള സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റിയുടെ 2.16 നം തീരുമാനം

2) തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 14/5/2018 ൽ ചേർന്ന യോഗത്തിന്റെ മിനിട്സ്

**<u>ഉത്തരവ്</u>**

കേരള മുനിസിപ്പൽ നിയമം 42 എ(6) വകുപ്പും/പഞ്ചായത്ത് രാജ് നിയമം 3(6)വകുപ്പും നിഷ്കർഷിച്ച പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, എല്ലാ വർഷത്തെയും വാർഡ് സഭകളുടെയും ഗ്രാമസഭകളുടേയും ആദ്യയോഗത്തിൽ ആ സ്ഥാപനത്തെക്കുറിച്ചുള്ള വാർഷിക റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. പ്രസ്തുത വാർഷിക റിപ്പോർട്ട് മുനിസിപ്പൽ/പഞ്ചായത്ത് രാജ് നിയമങ്ങൾ യഥാക്രമം (295(15)/215(15)) വകുപ്പുകൾ അനുസരിച്ച് ഓഡിറ്റ് സാക്ഷ്യപ്പെടുത്തേണ്ടതാണെന്നും 295(17), 215(17) പ്രകാരം ആയത് സമാഹരിച്ച് നിയമസഭയ്ക്ക് ലഭ്യമാക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. പരാമർശം 1 ലെ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം 2017-18 വർഷത്തെ വാർഷിക റിപ്പോർട്ടിന്റെ സമാഹരണവും അക്കൗണ്ടുകളുടെ സാക്ഷ്യപ്പെടുത്തലും നിർവ്വഹിക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെയും നേതൃത്വത്തിൽ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയുണ്ടായി. വിവിധ ഏജൻസികളുടെ ഏകോപനത്തോടെ വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ചേർന്ന യോഗം താഴെ പറയുന്ന നിർദ്ദേശങ്ങൾ അംഗീകരിക്കുകയുണ്ടായി.

(2) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള പൊതുവിവരങ്ങൾ സംസ്ഥാന തലത്തിൽ സമാഹരിക്കാനാവുംവിധം ഓഡിറ്റിന്റെ അംഗീകാരത്തോടെ തയ്യാറാക്കിയിട്ടുള്ള നിർദ്ദിഷ്ട മാതൃകയിലുള്ള ഫോർമാറ്റിൽ വെബ് സർവ്വീസ് മുഖേന സുലേഖ, സേവന (ജനന-മരണ), സേവന (പെൻഷൻ), സഞ്ജയ, സകർമ്മ, സങ്കേതം എന്നീ സോഫ്റ്റ്‌വെയറുകളിൽ നിന്നും ഡേറ്റ മൈനിംഗ്/ ഡേറ്റ പോർട്ടിംഗ് സാങ്കേതിക വിദ്യ ഉപയോഗിച്ച് ശേഖരിക്കുന്ന വിവരങ്ങൾ ഐ.കെ.എം വെബ്പോർട്ടലിൽ ചുവടെ പറയും വിധം ഉള്ള നടപടികൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും ഓഡിറ്റിനും പ്രത്യേക ലോഗിൻ വഴി ലഭ്യമാക്കേണ്ടതാണ്.

(a) വെബ് പോർട്ടലിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക റിപ്പോർട്ടിന്റെ ഫോർമാറ്റിൽ ഐ.കെ.എം ലഭ്യമാക്കുന്ന മേൽ വിവരങ്ങൾക്ക് പുറമെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി, തദ്ദേശ സ്ഥാപനത്തിന്റെ നിർവ്വഹണാധികാരികളുടെയും ഉദ്യോഗസ്ഥരുടെയും വിവിധ കമ്മിറ്റികളിലെ അംഗങ്ങളുടെയും പേര് വിവരവും യോഗങ്ങളുടെയും നടപടികളുടെയും വിവരങ്ങളും സ്ഥാപനത്തിന്റെ മറ്റ് അടിസ്ഥാന സ്ഥിതി വിവരങ്ങളും കൂടി ചേർത്ത ശേഷം ഓഡിറ്റ് സാക്ഷ്യപ്പെടുത്തുന്നതിന് നൽകേണ്ടതാണ്.

(b) സെക്രട്ടറി സ്ഥാപനതല വിവരങ്ങൾ ചേർത്ത് പൂർണ്ണമാക്കിയ വാർഷിക റിപ്പോർട്ടിന്റെ ഓഡിറ്റിനായി ഓഡിറ്റ് സ്ഥാപനം സന്ദർശിച്ച് ആധികാരികതയും കൃത്യതയും പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്

(c) വാർഷിക റിപ്പോർട്ടിന്റെ ഓഡിറ്റ് നടത്തി അംഗീകരിക്കുന്നതോടൊപ്പം ഇ-സബ്മിഷൻ മുഖേന എയിംസിൽ ലഭ്യമായ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളുടെ ഓഡിറ്റ് സർട്ടിഫിക്കേഷനും നടത്തേണ്ടതാണ്.

(d) ഓഡിറ്റ് സാക്ഷ്യപ്പെടുത്തിയ വാർഷിക റിപ്പോർട്ട് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി വെബ് സർവ്വീസ് മുഖേന ഓഡിറ്റ് വകുപ്പിന് എയിംസിൽ ഇ-സബ്മിഷനിലൂടെ ലഭ്യമാക്കേണ്ടതാണ്.

(e) ഓഡിറ്റ് സാക്ഷ്യപ്പെടുത്തിയ വാർഷിക റിപ്പോർട്ടും വാർഷിക കണക്കുകളുടെ ഓഡിറ്റ് സർട്ടിഫിക്കറ്റും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അംഗീകാരത്തിനായി സെക്രട്ടറി സമർപ്പിക്കേണ്ടതാണ്.

(f) തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അംഗീകാരത്തിന്റെ വിവരം തീരുമാന നമ്പർ സഹിതം സെക്രട്ടറി എയിംസിൽ അപ് ലോഡ് ചെയ്യുന്നതോടെ വാർഷിക റിപ്പോർട്ടിന്റെ സമർപ്പണം ഔദ്യോഗികമായി സ്ഥിരീകരിക്കപ്പെടേണ്ടതാണ്

(g) ഇപ്രകാരം വെബ് സർവ്വീസ് മുഖേന എയിംസിൽ ലഭ്യമായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക റിപ്പോർട്ടുകൾ എയിംസിൽ പ്രത്യേകമായി വികസിപ്പിച്ചെടുക്കുന്ന മോഡ്യൂളിൽ ജില്ലാടിസ്ഥാനത്തിലും സംസ്ഥാനതലത്തിലും ക്രോഡീകരിച്ചും വിശകലനം നടത്തിയും ഓഡിറ്റ് വകുപ്പ് സംസ്ഥാന തലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2017-18 വർഷത്തെ വാർഷിക റിപ്പോർട്ട് തയ്യാറാക്കി തദ്ദേശ സ്വയംഭരണ വകുപ്പിനും സർക്കാർ മുഖേന സമാഹൃത ഓഡിറ്റ് റിപ്പോർട്ടിനോടൊപ്പം ബഹു. നിയമസഭയ്ക്കു മുമ്പാകെയും സമർപ്പിക്കേണ്ടതാണ്.

(3) ഇപ്രകാരം എയിംസ് സോഫ്റ്റ്‌വെയറിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക റിപ്പോർട്ടുകൾ ലഭ്യമാക്കുവാൻ വേണ്ടി പ്രത്യേകം മോഡ്യൂൾ നിർദ്ദിഷ്ട മാതൃകയിൽ തയ്യാറാക്കി വികസിപ്പിച്ചശേഷം, ലഭിക്കുന്ന വാർഷിക റിപ്പോർട്ടുകൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് സമയബന്ധിതമായി ക്രോഡീകരിച്ച് 2017-18 ലെ ഓഡിറ്റ് വകുപ്പിന്റെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നതിനോടൊപ്പം സംസ്ഥാന തലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2017-18 ലെ വാർഷിക റിപ്പോർട്ടും പുറപ്പെടുവിക്കുന്നതുവഴി സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടബിലിറ്റി സംബന്ധിച്ച് 13-ാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശം 2018 സെപ്റ്റംബർ 30 നകം നടപ്പിൽ വരുത്തി എന്ന് ഉറപ്പാക്കാനാവുന്നതാണ്.

(4) സർക്കാർ മേൽ നിർദ്ദേശം വിശദമായി പരിശോധിക്കുകയുണ്ടായി. അഡിഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം നിർദ്ദേശിച്ച നടപടിക്രമം അംഗീകരിച്ചു കൊണ്ട്, കേരള പഞ്ചായത്ത് രാജ്/മുനിസിപ്പൽ നിയമങ്ങളിലെയും ചട്ടങ്ങളിലെയും നിഷ്കർഷകളും ധനകാര്യ കമ്മീഷൻ ശുപാർശകളും പാലിച്ച് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള സമയക്രമവും നടപടികളും ഉൾപ്പെടുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

| ക്രമ നം | നടപടി | ഉത്തരവാദിത്തം | സമയപരിധി | |
|---|---|---|---|---|
| | | | 2018-19 | 2019-20 മുതൽ |
| 1 | വെബ് പോർട്ടൽ മുഖേന സ്ഥാപനത്തിന്റെ വാർഷിക റിപ്പോർട്ട് ലഭ്യമാക്കുക (വാർഷിക കണക്കുകൾ ഇ-സബ്മിഷൻ നടത്തുന്ന സ്ഥാപനങ്ങളുടെ മുൻഗണനാക്രമത്തിൽ) | ഐ.കെ.എം. | 22.05.18 | ഏപ്രിൽ 15 |
| 2 | വെബ് സർവ്വീസ് മുഖേന ലഭ്യമാകുന്ന വാർഷിക റിപ്പോർട്ടിൽ സ്ഥാപനതല വിവരങ്ങൾ ചേർത്ത് ഓഡിറ്റിനെ അറിയിക്കുക | സെക്രട്ടറി പഞ്ചായത്ത് /നഗരസഭ/കോർപറേഷൻ | 29.05.18 | ഏപ്രിൽ 30 |
| 3 | വാർഷിക റിപ്പോർട്ടിന്റേയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക ധനകാര്യ പത്രികയുടേയും പരിശോധനയും സാക്ഷ്യപ്പെടുത്തലും | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് | 01.06.18 മുതൽ 16.07.18 വരെ | മെയ് 1 മുതൽ ജൂൺ 15 വരെ |
| 4 | ഓഡിറ്റ് സാക്ഷ്യപ്പെടുത്തിയ വാർഷിക റിപ്പോർട്ടുകൾ വെബ് സർവ്വീസ് മുഖേന AIMS ൽ അപ്‌ലോഡ് ചെയ്യുൽ | സെക്രട്ടറി | ഓഡിറ്റ് സാക്ഷ്യപ്പെടുത്തിയാൽ ഉടൻ തന്നെ | |
| 5 | വാർഷിക റിപ്പോർട്ട് അംഗീകരിച്ച തീരുമാന നമ്പർ എയിംസിൽ അപ്‌ലോഡ് ചെയ്യുൽ | സെക്രട്ടറി | ഓഡിറ്റിന് ശേഷം 15 ദിവസത്തിനകം | |
| 6 | വാർഷിക റിപ്പോർട്ടുകളുടെ ജില്ലാ /സംസ്ഥാനതലത്തിലുള്ള ക്രോഡീകരണവും സമാഹരണവും | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് | 30.07.18 | ജൂലൈ 30 |
| 7 | സമാഹൃത വാർഷിക റിപ്പോർട്ടുകൾ തദ്ദേശ സ്വയംഭരണ വകുപ്പിന് | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് | 16.08.18 | ഒക്ടോബർ 16 |

| | | | | |
|---|---|---|---|---|
| | ലഭ്യമാക്കൽ | | | |
| 8 | സമാഹൃത വാർഷിക റിപ്പോർട്ട് സർക്കാരിന് സമാഹൃത ഓഡിറ്റ് റിപ്പോർട്ടിനോടൊപ്പം ലഭ്യമാക്കൽ | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് | 30.09.18 | സെപ്റ്റംബർ30 |
| 9 | പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 10(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2017- 18 വർഷത്തെ വിശദമായ വാർഷിക ഓഡിറ്റും ഓഡിറ്റ് റിപ്പോർട്ടും | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് | 16.7.18 മുതൽ 15.1.19 വരെ | ജൂൺ 15 മുതൽ ഡിസംബർ 15 വരെ |

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**മിനിമോൾ എബ്രഹാം**
**ഗവണ്മെന്റ് അഡീഷണൽ സെക്രട്ടറി**

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, സ്വരാജ് ഭവൻ, നന്തൻകോട് ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (G&SSA), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (LBA), തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ല പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് /ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും

പകർപ്പ്- (1) ബഹു : തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
(2) തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേർസണൽ സെക്രട്ടറിക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Scanned by CamScanner